# പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2755 14.02.2013 - ൽ മറുപടിക്ക്

## പാറക്കടവിലെ കുടിവെള്ളക്ഷാമം

| ചോദ്യം<br>ശ്രീ. ജോസ് തെറ്റയിൽ | മറുപടി<br>പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
|---|---|
| (എ) അങ്കമാലി നിയോജക മണ്ഡലത്തിലെ പാറക്കടവ് ഗ്രാമപഞ്ചായത്തിലെ രൂക്ഷമായ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി അനുവദിച്ച രണ്ടര കോടി രൂപയുടെ നിർമ്മാണ പ്രവർത്തനത്തിന്റെ നിജസ്ഥിതി വ്യക്തമാക്കുമോ; | (എ) എൻ.സി.പി.സി, പാറക്കടവ് പദ്ധതിയിൽ മുഴിയാർ മുതൽ പുളിയനംകുന്ന് ടാങ്ക് വരെ സ്ഥാപിച്ച 250 എം.എം സി.ഐ പമ്പിംഗ് പൈപ്പ് ലൈനിന്റെ പണി പൂർത്തീകരിക്കുവാനുള്ള 7 കി.മീ പൈപ്പ് ലൈനും വിതരണ ശൃംഖലകളെ പരസ്പരം ബന്ധിപ്പിക്കാനുള്ള 2.5 കി.മീ വിതരണ പൈപ്പ് ലൈനും സ്ഥാപിച്ചു.<br>ഇതിന്റെ പൂർത്തീകരണത്തോടു കുടി എയർപോർട്ടിനടുത്തുള്ള മുഴിയാർ ജല സംഭരണിയിൽ നിന്നും പാറക്കടവ് പഞ്ചായത്തിലെ പുളിയനംകുന്നിലെ ടാങ്കിലേയ്ക്ക് ടി പഞ്ചായത്തിലെ ജനങ്ങൾക്കാവശ്യമായ ജലം എത്തിക്കാൻ സാധിക്കും. പൈപ്പുകൾ സ്ഥാപിക്കുന്ന ജോലികൾ പൂർത്തീകരിച്ച് ഈ പമ്പിംഗ് മെയിനിൽ കൂടി പമ്പിംഗ് ആരംഭിച്ചിട്ടുണ്ട്. പക്ഷേ 12 വർഷം മുമ്പ് സ്ഥാപിച്ച ഇതേ ലൈനിലെ ഏകദേശം 7 കി.മീ പൈപ്പ് ലൈനിൽ റബ്ബർ റിംഗുകൾ ദ്രവിച്ച് ലൈനിൽ ലീക്കുകൾ കാണുന്നുണ്ട്. ഈ ലീക്കുകൾ പരിഹരിക്കുന്ന മുറയ്ക്ക് ഏകദേശം മാർച്ച് മാസത്തോടു കൂടി പുളിയനംകുന്ന് ടാങ്കിലേയ്ക്ക് വെള്ളം എത്തിക്കാൻ കഴിയുമെന്നു പ്രതീക്ഷിക്കുന്നു. ഇതോടെ ഇപ്പോൾ സ്ഥാപിച്ചിട്ടുള്ള 17 കി.മീ ഓളം വിതരണ ശൃംഖലയിൽ കുടി വെള്ളമെത്തിക്കാൻ സാധിക്കും. |
| (ബി) പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്നും ഇതിന്റെ കാലതാമസത്തിന് കാരണമെന്തെന്നും വിശദമാക്കു മോ? | (ബി) മാർച്ച് മാസത്തോടു കൂടി കമ്മീഷൻ ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>12 വർഷം മുമ്പ് സ്ഥാപിച്ച പൈപ്പുകൾ ആയതിനാലും ഇതിൽ കുടി വെള്ളം കടത്തി വിട്ടിട്ടില്ലാത്തതിനാലും ഈ വിതരണ ശൃംഖലയിൽ കൂടുതൽ ചോർച്ച പ്രതീക്ഷിക്കുന്നു. ഈ ലീക്കുകൾ പരിഹരിക്കുന്നതിനുള്ള കാലതാമസമാണ് പ്രസ്തുത പദ്ധതി കമ്മീഷൻ ചെയ്യാൻ കാലതാമസം ഉണ്ടാക്കിയത്. |

സെക്ഷൻ ഓഫീസർ